03
2026
മാർച്ച്
ചൊവ്വ
കുംഭം 19

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 49 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-49 പേജ് 4. വില 2.00 രൂപ




# ആറ്റുകാലമ്മയ്ക്ക് പ്രണാമം

## ആറ്റുകാൽ സപ്ലിമെന്റ്



## ഭക്തിയുടെ നിറവിൽ ഇന്ന് ആറ്റുകാൽ പൊങ്കാല

# രാവിലെ 9.45ന് പണ്ടാര അടുപ്പിലേക്ക് തീപകരും

## പൊങ്കാലദിനത്തിൽ ചന്ദ്രഗ്രഹണം

തിരുവനന്തപുരം: പ്രശസ്തമായ ആറ്റുകാൽ പൊങ്കാല നാളെ നടക്കും. ലക്ഷക്കണക്കിന് സ്ത്രീകൾ പങ്കാളികളാവുന്ന ആറ്റുകാൽ പൊങ്കാല ചടങ്ങിന് മണിക്കൂറുകൾ മാത്രമാണ് അവശേഷിക്കുന്നത്. നാളെ രാവിലെ 9.45ന് പണ്ടാര അടുപ്പിലേക്ക് തീപകരും. ഉച്ചയ്ക്ക് 2.15 നാണ് പൊങ്കാല നിവേദ്യം. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ വിപുലമായ സൗകര്യങ്ങളാണ് എർപ്പെടുത്തിയിട്ടുള്ളതെന്ന് ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ് ഭാരവാഹികൾ അറിയിച്ചു.

കുംഭ മാസത്തിലെ പൂരം നാളും പൗർണമിയും ഒത്തുചേരുന്ന ചൊവ്വാഴ്ച രാവിലെ 9.15ന് ശുദ്ധ പുണ്യാഹത്തോടെ ചടങ്ങുകൾ ആരംഭിക്കും. കണ്ണകി ചരിതത്തിൽ പാണ്ഡ്യ രാജാവിന്റെ വധം നടത്തുന്ന ഭാഗം തോറ്റംപാട്ടുകാർ പാടിക്കഴിഞ്ഞാലുടൻ തന്ത്രി പരമേശ്വരൻ ഭട്ടതിരിപ്പാടിന്റെ സാന്നിധ്യത്തിൽ മേൽശാന്തി അനീഷ് നമ്പൂതിരി ശ്രീകോവിലിൽനിന്ന് ദീപം പകർന്ന് ക്ഷേത്ര തിടപ്പള്ളിയിലെ പൊങ്കാല അടുപ്പിലേക്കു പകരും. ഇതേ ദീപം സഹമേൽശാന്തി ഏറ്റുവാങ്ങി വലിയ തിടപ്പള്ളിയിലും ക്ഷേത്രത്തിനു മുൻവശത്ത് ഒരുക്കിയിട്ടുള്ള പണ്ടാര അടുപ്പിലും കത്തിക്കും. പണ്ടാര അടുപ്പിൽനിന്ന് പകരുന്ന ദീപം അകമ്പടിയിൽ ഏറ്റുവാങ്ങിയാണ് ഭക്തർ സ്വന്തം അടുപ്പുകളിൽ കത്തിക്കുക. ഉച്ചയ്ക്ക് 2.15ന് ഉച്ചപൂജയ്ക്കു ശേഷമാണ് പൊങ്കാല നിവേദ്യം. റോഡുകളിലെ നടപ്പാതകളിൽ അടുപ്പ് കൂട്ടാൻ പാടില്ലെന്ന് പൊലീസ് നിർദേശിച്ചു. ക്ഷേത്ര പരിസരത്ത് പൊങ്കാലയർപ്പിക്കുന്നതിനു കൂടുതൽ സ്ഥല സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ട്രസ്റ്റ് ഭാരവാഹികൾ അറിയിച്ചു.

ചന്ദ്രഗ്രഹണ ദിവസമായതിനാൽ ഉച്ചകഴിഞ്ഞ് 3.10 മുതൽ രാത്രി ഏഴ് മണി വരെ നട അടയ്ക്കുന്നതിനാൽ ദർശനമുണ്ടാവില്ല. താലപ്പൊലിയിൽ പങ്കെടുക്കുന്ന ബാലികമാർ ഉച്ചയ്ക്ക് ഒന്നരയ്ക്ക് മുൻപ് ക്ഷേത്രദർശനം നടത്തണമെന്ന് നിർദേശിച്ചിട്ടുണ്ട്. വൈകീട്ട് നാലിന് രാത്രി 9.45 ന് കാപ്പഴിച്ച് ദേവിയെ കുടിയിളക്കും. രാത്രി 12.45 ന് നടത്തുന്ന കുരുതി തർപ്പണത്തോടെ ഈ വർഷത്തെ പൊങ്കാല ഉത്സവത്തിന് സമാപനമാകും.



# ആറ്റുകാൽ ക്ഷേത്രോല്പത്തി ഐതിഹ്യം



ആറ്റുകാൽ പൊങ്കാല പ്രമാണിച്ച് തിരുവനന്തപുരം നഗരത്തിൽ തിങ്കളാഴ്ച പകൽ ഒന്നുമുതൽ ചൊവ്വ രാത്രി എട്ടുവരെ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. നഗരപരിധിയിൽ കണ്ടെയ്നർ വാഹനങ്ങൾ, ചരക്കു വാഹനങ്ങൾ എന്നിവ പ്രവേശിക്കാൻ പാടില്ല. റോഡുകളിലും സമീപത്തും നിർത്തിയിടാനും പാടില്ല. ?ആറ്റുകാൽ ക്ഷേത്രപരിസരത്തും തിരക്ക് അനുഭവപ്പെടുന്ന പ്രധാന റോഡിന്റെ ഇരുവശങ്ങളിലും ഇട റോഡുകളിലും വാഹനങ്ങൾ പാർക്ക് ചെയ്യരുത്. പൊങ്കാലയിടാൻ വരുന്ന സ്വകാര്യ വാഹനങ്ങൾ ആറ്റുകാൽ ക്ഷേത്രത്തിന് സമീപത്തെ പ്രധാന റോഡുകളിലോ എംസി, എംജി റോഡുകളിലോ പാർക്ക് ചെയ്യരുത്. അനധികൃതമായി പാർക്ക് ചെയ്യുന്ന വാഹനങ്ങളെ റിക്കവറി വാഹനം ഉപയോഗിച്ച് നീക്കം ചെയ്ത് നിയമ നടപടി സ്വീകരിക്കുമെന്ന് പൊലീസ് അറിയിച്ചു. ?

കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരം നഗരത്തിൽ സ്ഥിതിചെയ്യുന്ന അതിപ്രശസ്തമായ ഒരു ക്ഷേത്രമാണ് ആറ്റുകാൽ ശ്രീഭഗവതി ക്ഷേത്രം. തിരുവനന്തപുരം നഗരത്തിൽ നിന്നും 2 കിലോമീറ്റർ തെക്കുമാറി കരമനയാറിന്റെയും കിള്ളിയാറിന്റെയും സംഗമസ്ഥലത്ത് നിലകൊള്ളുന്നു. ഹൈന്ദവ, ശാക്തേയ വിശ്വാസപ്രകാരം ആദിപരാശക്തിയായ ശ്രീഭദ്രകാളിയാണ് 'ആറ്റുകാലമ്മ' എന്നറിയപ്പെടുന്നത്. എന്നാൽ കന്യാവ് (തോറ്റം പാട്ടിലെ ദൈവകന്യാവ്), അന്നപൂർണേശ്വരി ഭാവങ്ങളിലും സങ്കല്പിക്കാറുണ്ട്. ചിരപുരാതനമായ ഈ ക്ഷേത്രം 'സ്ത്രീകളുടെ ശബരിമല' എന്നാണ് അറിയപ്പെടുന്നത്. ഇവിടുത്തെ അതിപ്രധാനമായ ഉത്സവമാണ് 'പൊങ്കാല മഹോത്സവം'. കേരളത്തിലെ ആദ്യത്തെ പൊങ്കാല ഉത്സവം ആയിട്ടാണ് ആറ്റുകാൽ പൊങ്കാല കണക്കാക്കപ്പെടുന്നത്. കുംഭമാസത്തിൽ കാർത്തിക നാളിൽ ആരംഭിച്ച് പത്തു ദിവസങ്ങളിലായി നടത്തുന്ന ചടങ്ങുകളിൽ പ്രധാനം പൂരം നാളും പൗർണമിയും ഒത്തുചേരുന്ന ദിവസം നടക്കുന്ന പൊങ്കാലയാണ്. ധ1പധ2പ അന്നേ ദിവസം ക്ഷേത്ര പരിസരത്തുനിന്നും ഏകദേശം 20 കി. മീറ്ററോളം റോഡിന് ഇരുവശത്തും പൊങ്കാല അടുപ്പുകൾ കൊണ്ട് നിറയും. അതുകൊണ്ട് തന്നെ ലോകത്തിൽ ഏറ്റവും കൂടുതൽ സ്ത്രീകൾ പങ്കെടുക്കുന്ന ഈ ചടങ്ങ് ഗിന്നസ് ബുക്കിലും ഇടം നേടി. പൊങ്കാല ഇട്ടാൽ ആപത്തുകൾ ഒഴിഞ്ഞു ആഗ്രഹിക്കുന്ന കാര്യം നടക്കുമെന്നും ഒടുവിൽ മോക്ഷം ലഭിക്കുമെന്നും ഭക്തർ വിശ്വസിക്കുന്നു. ധ3പ പൊങ്കാല കൂടാതെ കന്നിമാസത്തിൽ നവരാത്രിയും വൃശ്ചികമാസത്തിൽ തൃക്കാർത്തികയും ഈ ക്ഷേത്രത്തിൽ വിശേഷങ്ങളാണ്. ഉപദേവതകളായി ശിവൻ, ഗണപതി, നാഗദൈവങ്ങൾ, മാടൻ തമ്പുരാൻ എന്നിവർക്കും ക്ഷേത്രത്തിൽ പ്രതിഷ്ഠകളുണ്ട്.

ആറ്റുകാൽ പ്രദേശത്തെ മുഖ്യ തറവാടായ മുല്ലുവീട്ടിലെ പരമസാത്വികനായ കാരണവർക്കുണ്ടായ ഭഗവതി ദർശനത്തിൽ നിന്നാണ് ക്ഷേത്രത്തിന്റെ ഉല്പത്തിയെന്നത്രേ ഐതിഹ്യം. ഒരു ദിവസം സായാഹ്നത്തിൽ കിള്ളിയാറ്റിൽ കുളിച്ചുകൊണ്ടിരുന്ന കാരണവരുടെ മുമ്പിൽ ഒരു ബാലിക പ്രത്യക്ഷപ്പെട്ട് നദി കടത്തുവാൻ ആവശ്യപ്പെട്ടു. തേജോമയിയായ ബാലികയെ കാരണവർ സ്വന്തം വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി. സൽക്കാരങ്ങൾക്കുള്ള ഒരുക്കങ്ങൾക്കിടയിൽ ആ ബാലിക അപ്രത്യക്ഷയായി. കാരണവർ അലൗകികമായ ഒരാനന്ദാനുഭൂതിക്കു പാത്രമായി. അന്നുരാത്രി ദേവി പ്രത്യക്ഷപ്പെട്ട്, അടുത്തുള്ള കാവിൽ മൂന്നുവരകൾ കാണുന്നിടത്തു തന്നെ കുടിയിരുത്തണമെന്നാവശ്യപ്പെട്ടതായി കാരണവർ സ്വപ്നം കണ്ടു. ആശ്ചര്യമെന്നു പറയട്ടെ പിറ്റേദിവസം പ്രഭാതത്തിൽ കാവിലെത്തിയ കാരണവർ മൂന്നുവരകൾ കാണുകയും ആ സ്ഥലത്തു ഒരു ചെറിയ ക്ഷേത്രമുണ്ടാക്കി ഭഗവതിയെ കുടിയിരുത്തുകയും ചെയ്തു. വർഷങ്ങൾ കഴിഞ്ഞപ്പോൾ നാട്ടുകാർ ക്ഷേത്രം പുതുക്കുകയും കൈകളിൽ ശൂലം, ഫലകം, അസി, കങ്കാളം എന്നിവ ധരിച്ച ചതുർബാഹുവായ ദേവിവിഗ്രഹം പണിത് ബദരീനാഥത്തിലെ മുഖ്യ പുരോഹിതനെ വരുത്തി അത്യന്ത പാവനമായ ശുഭമുഹൂർത്തത്തിൽ പ്രതിഷ്ഠാകർമം നിർവഹിക്കുകയും ചെയ്തു. പാതിവ്രത്യത്തിന്റെ പ്രതീകമായ കണ്ണകിയുടെ അവതാരമാണ് ആറ്റുകാൽ ഭഗവതിയെന്നും മധുര നഗര ദഹനത്തിനുശേഷം കന്യാകുമാരിയിലൂടെ കേരളക്കരയിൽ പ്രവേശിച്ച കണ്ണകി കൊടുങ്ങല്ലൂരിലേക്കുള്ള യാത്രമധ്യേ, ആറ്റുകാലിൽ തങ്ങിയെന്നും ഒരൈതിഹ്യമുണ്ട്. ക്ഷേത്രത്തിൽ ഉത്സവകാലങ്ങളിൽ പാടിവരുന്ന തോറ്റംപാട്ട് കണ്ണകീചരിതത്തെ ആസ്പദമാക്കിയുള്ളതാണ്. ക്ഷേത്രഗോപുരങ്ങളിൽ കൊത്തിയിട്ടുള്ള ശില്പങ്ങളിൽ കണ്ണകീചരിതത്തിലെ ദൃശ്യങ്ങളും ഉൾപ്പെടുന്നു. ആദിശങ്കരനു ശേഷം കേരളം കണ്ട യതിവര്യന്മാരിൽ അഗ്രഗണ്യനായ ശ്രീവിദ്യാധിരാജ ചട്ടമ്പിസ്വാമികൾ തന്റെ വിഹാരരംഗമായി ആറ്റുകാൽ ഭഗവതി ക്ഷേത്രവും പരിസരവും ഉപയോഗിച്ചതായി പഴമക്കാർ പറയുന്നു.

**ശില്പ സൗകുമാര്യം**

ക്ഷേത്രപരിസരത്തു വരുന്ന ഏതൊരു വ്യക്തിയെയും ഹഠാദാകർഷിക്കുന്നത് ക്ഷേത്രത്തിലെ ശില്പസൗകുമാര്യമാണ്. തമിഴകത്തിന്റെയും മലയാളത്തിന്റെയും ശില്പകലകളുടെ സമഞ്ജസ സമ്മേളനമാണ് ആറ്റുകാൽ ക്ഷേത്രത്തിലെ ഗോപുരങ്ങളിൽ കാണുന്നത്. ഗോപുരമുഖപ്പിൽ പ്രതിഷ്ഠിതമായ മഹിഷാസുരമർദ്ദിനി, മുഖമണ്ഡപത്തിനു മുകളിൽ കാണുന്ന വേതാളരൂഢയായ ദേവി, രാജഗോപുരത്തിന്റെ അകത്തെ ചുവരുകളിൽ കൊത്തിയിട്ടുള്ള കാളീരൂപങ്ങൾ, ദക്ഷിണഗോപുരത്തിനകത്തുള്ള വീരഭദ്ര രൂപങ്ങൾ, അന്നപ്രകാശത്തിനും തുലാഭാരത്തിനും ഉപയോഗിക്കുന്ന സ്ഥലങ്ങൾക്ക് മുകളിലായി (നാലമ്പലത്തിന്റെ മുന്നിൽ ഇരുവശങ്ങളിലായി) കാണപ്പെടുന്ന രാജരാജേശ്വരി, ശ്രീപാർവതി സമേതനായ പരമശിവൻ, തെക്കേഗോപുരത്തിനുമുകളിൽ കൊത്തിയിട്ടുള്ള മഹേശ്വരി മുതലായ ശില്പങ്ങൾ ഒരനുഗ്രഹീത ശില്പിയുടെ കരവിരുതുകളാണ്. നാലമ്പലത്തിനു മുകളിലായി വിഘ്നേശ്വരനും മുരുകനും, ദശാവതാരകഥകൾ എന്നിവയും ശില്പങ്ങളിലൂടെ കാണാം. വടക്കുവശത്ത് രാജഗോപുരത്തിന്റെ വശങ്ങളിൽ ദക്ഷയാഗവും ആലേഖനം ചെയ്തിരിക്കുന്നു. ഗോപുരങ്ങളിൽ രാമായണം, ദേവിഭാഗവതം, ദേവികഥകൾ എന്നിവയെ ആസ്പദമാക്കി നിർമ്മിച്ച ആകർഷകങ്ങളായ ശില്പങ്ങളും കാണാവുന്നതാണ്. മുൻവശത്തായി കാണുന്ന അലങ്കാരകവാടവും ശില്പസൗകുമാര്യത്തിന്റെ മകുടോദാഹരണമാണ്. ശ്രീകോവിലിനകത്ത് ഭഗവതിയുടെ രണ്ടു വിഗ്രഹങ്ങളുണ്ട്. പുരാതനമായ മൂലവിഗ്രഹം, രത്നങ്ങൾ പതിച്ച സ്വർണഅങ്കികൊണ്ട് ആവരണം ചെയ്തിരിക്കുന്നു. മൂലവിഗ്രഹത്തിനുചുവട്ടിലായി അഭിഷേകവിഗ്രഹവും ഭക്തജനങ്ങൾക്കു ദർശിക്കുവാൻ കഴിയും. ചുറ്റമ്പലത്തിനകത്തായി വടക്കുകിഴക്കു ഭാഗത്തു പരമശിവനേയും തെക്കുപടിഞ്ഞാറു ഭാഗത്തു മഹാഗണപതി, ശ്രീകോവിലിന് പടിഞ്ഞാറു ഭാഗത്തുള്ള പനയുടെ മുമ്പിലാണ് ശ്രീ മാടൻ തമ്പുരാന്റെ പ്രതിഷ്ഠ. ഈറനണിഞ്ഞ കണ്ണുകളെ ഉറ്റുനോക്കികൊണ്ട് അനുഗ്രഹസുസ്മേരവദനയായി വിരാജിക്കുന്ന ആ ദിവ്യജോതിസിന്റെ ദർശനവും, ദീപാരാധന സമയത്തെ മന്ത്രോച്ചാരണങ്ങളും ഭക്തിപ്രഹർഷത്തിന്റെ പരമകാഷ്ഠയിൽ എത്തിക്കുവാൻ പര്യാപ്തമാണ്.

**പ്രധാന വഴിപാടുകൾ**

മുഴുക്കാപ്പ്, പഞ്ചാമൃതാഭിഷേകം, കളഭാഭിഷേകം (സ്വർണക്കുടത്തിൽ), അഷ്ടദ്രവ്യാഭിഷേകം, കലശാഭിഷേകം, ഉദയാസ്തമന പൂജ, അർദ്ധദിന പൂജ, പുഷ്പാഭിഷേകം, ലക്ഷാർച്ചന, ഭഗവതിസേവ, 101 കലത്തിൽ പൊങ്കാല, പന്തിരുനാഴി, ചുറ്റുവിളക്ക്, ശ്രീബലി, എന്നിവയാണ് പ്രധാനവഴിപാടുകൾ. ഇവയ്ക്ക് പുറമേ ഹോമങ്ങൾ, ലക്ഷാർച്ചന, വിശേഷാൽ പൂജകൾ, സപ്താഹങ്ങൾ, പ്രത്യേക ചടങ്ങുകൾ എന്നിവ ക്ഷേത്രത്തിൽ നടത്തുന്നുണ്ട്. ചട്ടമ്പിസ്വാമി സ്മാരക മണ്ഡപത്തിലും ക്ഷേത്ര സ്റ്റേജിലുമായി എല്ലാമാസവും നാരായണീയ പരായണം, സംഗീതക്കച്ചേരികൾ, ഗീതാപഠനക്ലാസുകൾ, ഭജനകൾ, പുരാണപാരായണം, നൃത്ത സംഗീത അരങ്ങേറ്റം തുടങ്ങിയവ നടന്നുവരുന്നു. ഇവകൂടാതെ കുഞ്ഞൂണ്, തുലാഭാരം, വിദ്യാരംഭം എന്നിവയും അർച്ചനകളും വഴിപാടുകളായി നടത്താവുന്നതാണ്. മുഖ്യ വഴിപാടായ മുഴുക്കാപ്പ് 2041 വരെ ബുക്ക് ചെയ്തുകഴിഞ്ഞു. വഴിപാടുകൾ നേരിട്ടല്ലാതെ ട്രസ്റ്റ് വഴി ഓൺലൈനായും, ചെക്ക്/ഡിഡി മണിയോഡർ അനുസരിച്ചും വഴിപാട് നടത്തി പ്രസാദം അയച്ചുകൊടുക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. എല്ലാമാസത്തിലും നാലാമത്തെ ഞായറാഴ്ച അഖണ്ഡനാമജപം നടക്കുന്നുണ്ട്. ആറ്റുകാലമ്മയ്ക്കും പരമശിവൻ, നാഗരാജാവ്, ഗണപതി, മാടൻ തമ്പുരാൻ എന്നീ ഉപദേവതകൾക്കും ഭക്തജനങ്ങൾ എല്ലാദിവസവും വഴിപാടുകൾ നടത്തി വരുന്നു. എല്ലാ ചൊവ്വ, വെള്ളി, ഞായർ ദിവസങ്ങളിലും എല്ലാ മലയാളമാസം ഒന്നാം തീയതിയും ക്ഷേത്രത്തിൽ ഭക്തജനങ്ങൾക്ക് പ്രസാദഊട്ട് നൽകി വരുന്നു. ആറ്റുകാൽ ദേവിയുടെ രൂപം ആലേഖനം ചെയ്ത 5 ഗ്രാം, 8 ഗ്രാം തൂക്കത്തിലുള്ള സ്വർണ ലോക്കറ്റുകൾ ലഭ്യമാണ്. എല്ലാ പൗർണമി നാളിലും കുടുംബാംഗങ്ങൾക്ക് സർവൈശ്വര്യങ്ങളും ലഭിക്കുന്നതിന് നൂറുകണക്കിന് സ്ത്രീകൾ പങ്കെടുക്കുന്ന ഐശ്വര്യപൂജ വളരെ ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ നടത്തി വരുന്നു.

**ക്ഷേത്രോത്സവങ്ങൾ**

ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിൽ എല്ലാദിവസവും ഉത്സവത്തിന്റെ പ്രതീതിയാണ്. ഭക്തന്മാർ നടത്തുന്ന പ്രത്യേക പൂജകൾ, പുരാണേതിഹാസങ്ങളെ സംബന്ധിച്ച ആധ്യാത്മിക പ്രഭാഷണങ്ങൾ, പുരാണപാരായണങ്ങൾ, ഭജന, കോടി അർച്ചന, ലക്ഷാർച്ചന, അഖണ്ഡ നാമജപങ്ങൾ മുതലായവ മിക്കവാറും ദിവസങ്ങളിൽ നടക്കാറുണ്ട്. പ്രധാന ക്ഷേത്രങ്ങളിൽ നടത്തിവരുന്ന കലശാഭിഷേകവും സപ്താഹവും ഇവിടേയും നടത്തുന്നുണ്ട്.

**പ്രത്യേക പൂജകളും പരിപാടികളും**

മണ്ഡലവ്രതം ശബരിമല ഉത്സവകാലത്തു നടത്തുന്ന ചിറപ്പു മഹോത്സവം.

ചിങ്ങമാസം വിനായക ചതുർത്ഥി

കന്നിമാസം പൂജവയ്പ്, മഹാനവമി, ദുർഗാഷ്ടമി, വിജയദശമി എന്നീ നാളുകൾ ആഘോഷപൂർവം കൊണ്ടാടുന്നു. വിജയദശമി ദിവസത്തിൽ ആയിരക്കണക്കിന് കുഞ്ഞുങ്ങൾ വിദ്യാരംഭം കുറിക്കുന്നു.

തുലാമാസം ആയില്യം, സർപ്പബലി

വൃശ്ചികമാസം വൈക്കത്തഷ്ടമി, ശിവക്ഷേത്രത്തിൽ പ്രത്യേകപൂജ

ധനുമാസം ചിറപ്പുമഹോത്സവം

കുംഭ മാസം ശിവപൂജ, ശിവരാത്രി, പൊങ്കാല മഹോത്സവം

കർക്കിടക മാസം രാമായണമാസാചരണം, നിറയും പുത്തരിയും

അഖണ്ഡനാമജപം എല്ലാമാസത്തേയും നാലാമത്തെ ഞായറാഴ്ച

# ആറ്റുകാൽ പൊങ്കാല, ആരോഗ്യ വകുപ്പ് സജ്ജം: മന്ത്രി വീണാ ജോർജ്

ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുന്നതിന് ക്രമീകരണങ്ങൾ സജ്ജമാക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിലാണ് ക്രമീകരണങ്ങളൊരുക്കിയത്. പൊങ്കാല ദിവസം 10 പോയിന്റുകളിൽ മെഡിക്കൽ ടീമും ആംബുലൻസുകളും സജ്ജമാക്കി. ഇത് കൂടാതെ പൊങ്കാല ദിവസം രാവിലെ 5 മണി മുതൽ പൊങ്കാല കഴിയുന്നത് വരെ 10 പോയിന്റുകളിൽ എമർജൻസി മെഡിക്കൽ ടെക്നീഷൻ ഉൾപ്പെടെ ആംബുലൻസുകളുടെ സേവനങ്ങളും സജ്ജമാക്കിയിട്ടുണ്ട്.



പെട്ടെന്ന് വൈദ്യ സഹായം ലഭ്യമാക്കാൻ നാല് ബൈക്ക് ഫസ്റ്റ് റെസ്പോൺസ് ടീം, ഗൂർഖ ആംബുലൻസ്, ബൈക്ക് ഫീഡർ ആംബുലൻസ് എന്നിവയും സജ്ജമാക്കിയിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസിലും ആറ്റുകാൽ ക്ഷേത്ര പരിസരത്തും പ്രത്യേക കൺട്രോൾ റൂം തുറന്നിട്ടുണ്ട്. കളക്ടറേറ്റിലെ കൺട്രോൾ റൂമിലും ആരോഗ്യ പ്രവർത്തകരെ വിന്യസിച്ചിട്ടുണ്ട്.

അന്തരീക്ഷ താപനില വർധിക്കുന്ന സാഹചര്യത്തിൽ 12 ആശുപത്രികളിൽ ചൂട് സംബന്ധമായ പ്രശ്നങ്ങൾക്ക് പരിചരണം നൽകാൻ ആവശ്യമായ സംവിധാനങ്ങൾ പ്രത്യേകം സജ്ജമാക്കിയിട്ടുണ്ട്. തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, ഫോർട്ട് ആശുപത്രി, സിഎച്ച്സി പൂന്തുറ, സിഎച്ച്സി ഐരാണിമുട്ടം, എഫ്എച്ച്സി ജഗതി, എഫ്എച്ച്സി കരമന, യുപിഎച്ച്സികളായ ആറ്റുകാൽ, ചാല, ചാക്ക, കളിപ്പാൻകുളം, പാൽക്കുളങ്ങര, രാജാജി നഗർ എന്നീ കേന്ദ്രങ്ങളിലാണ് പ്രത്യേക സൗകര്യങ്ങളൊരുക്കിയത്. ഇത് കൂടാതെ തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, ഫോർട്ട് ആശുപത്രി, സിഎച്ച്സി ഐരാണിമുട്ടം എന്നിവിടങ്ങളിൽ 10 കിടക്കകൾ വീതം മാറ്റിവയ്ക്കും. അടിയന്തര സാഹചര്യങ്ങൾ നേരിടാൻ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രത്യേക ക്രമീകരണവുമൊരുക്കി. സൂര്യാതപം, സൂര്യാഘാതം എന്നിവയുടെ ആഘാതം ലഘൂകരിക്കാൻ ആരോഗ്യ കേന്ദ്രങ്ങളിൽ കൂളർ ഉൾപ്പെടെയുള്ള സൗകര്യങ്ങളൊരുക്കിയിട്ടുണ്ട്. ആറ്റുകാൽ മേഖലയിലെ സ്വകാര്യ ആശുപത്രികളുടെ സഹകരണവും ഉറപ്പാക്കിയിട്ടുണ്ട്.

അന്തരീക്ഷ താപനില കൂടുതലായതിനാൽ ആരോഗ്യ വകുപ്പിന്റെ നിർദേശങ്ങൾ എല്ലാവരും പാലിക്കണം. ചൂട് വർധിച്ചതിനാൽ നിർജലീകരണം ഉണ്ടാകാതിരിക്കാൻ ദാഹം തോന്നുന്നില്ലെങ്കിൽ പോലും ഇടയ്ക്കിടെ ധാരാളം വെള്ളം കുടിക്കുക. ക്ഷീണം, തലവേദന, തലകറക്കം, ശ്വാസതടസം തുടങ്ങിയവ ഉണ്ടായാൽ തണലത്തേക്ക് മാറുകയും വൈദ്യ സഹായം തേടുകയും ചെയ്യുക. എന്തെങ്കിലും ബുദ്ധിമുട്ടുള്ളവർ ആരോഗ്യ വകുപ്പിന്റെ സേവനം തേടേണ്ടതാണെന്നും മന്ത്രി അഭ്യർത്ഥിച്ചു.

ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് പൊതുജനങ്ങൾക്ക് സുരക്ഷിതവും ശുചിത്വപരവുമായ ഭക്ഷണം ലഭ്യമാക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് വ്യാപകമായ നിരീക്ഷണ, നിയന്ത്രണ, ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു. അന്നദാനത്തിന് രജിസ്ട്രേഷൻ നിർബന്ധമാണ്. അന്നദാനവുമായി ബന്ധപ്പെട്ട് 187 രജിസ്ട്രേഷനുകൾ പൂർത്തിയാക്കിയിട്ടുണ്ട്. ആറ്റുകാലിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രത്യേക കൺട്രോൾ റൂം പ്രവർത്തിക്കുന്നു. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ഫുഡ് സേഫ്റ്റി ഓൺ വീൽസ് മൊബൈൽ ലബോറട്ടറിയും പ്രവർത്തിക്കുന്നുണ്ട്.

ആയുർവേദ, ഹോമിയോപ്പതി വകുപ്പുകളുടെ മെഡിക്കൽ ക്യാമ്പുകളും സജ്ജമാണ്.

ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

കട്ടികുറഞ്ഞ കോട്ടൺ വസ്ത്രങ്ങൾ ധരിക്കുക

നേരിട്ട് സൂര്യപ്രകാശം ഏൽക്കാതിരിക്കുവാൻ തൊപ്പി, തുണി ഇവ കൊണ്ട് തല മറയ്ക്കുക

ശുദ്ധജലമോ തിളപ്പിച്ചാറിയ വെള്ളമോ മാത്രം കുടിക്കുക

തണ്ണിമത്തൻ പോലെ ജലാംശം കൂടുതലുള്ള പഴവർഗങ്ങൾ കഴിക്കുന്നത് നിർജലീകരണം തടയും

ശുദ്ധമായ ജലത്തിൽ തയാറാക്കിയ ഐസ് മാത്രം പാനീയങ്ങളിൽ ഉപയോഗിക്കുക

ഇടയ്ക്ക് കൈകാലുകളും മുഖവും കഴുകുക

ഇടയ്ക്കിടെ തണലത്ത് വിശ്രമിക്കുക

കുട്ടികളെ തീയുടെ അടുത്ത് നിർത്തരുത്. ഇടയ്ക്കിടെ കുടിക്കാൻ വെള്ളം നൽകണം

സ്ഥിരമായി കഴിക്കുന്ന മരുന്നുകൾ മുടക്കം വരുത്താതെ കഴിക്കുക

കഴിക്കുന്ന മരുന്നുകളുടെ വിവരങ്ങൾ കയ്യിൽ കരുതണം

പൊള്ളൽ ഏൽക്കുന്നത് ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടത്

തീ പിടിക്കുന്ന വിധത്തിൽ അലസമായി വസ്ത്രങ്ങൾ ധരിക്കരുത്.

ചുറ്റുമുള്ള അടുപ്പുകളിൽ നിന്നും തീ പടരാതെ സൂക്ഷിക്കണം.

അടുപ്പിനടുത്ത് പെട്ടെന്ന് തീപിടിക്കുന്ന സാധനങ്ങൾ വയ്ക്കരുത്

തൊട്ടടുത്ത് ഒരു ബക്കറ്റ് വെള്ളം കരുതി വയ്ക്കണം

വസ്ത്രങ്ങളിൽ തീപിടിച്ചാൽ പരിഭ്രമിച്ച് ഓടരുത്. വെള്ളം ഉപയോഗിച്ച് ഉടൻ തീ അണയ്ക്കുക. അടുത്തുള്ള വോളണ്ടിയർമാരുടെ സഹായം തേടുക.

തീപൊള്ളലേറ്റാൽ പ്രഥമ ശുശ്രൂഷ ചെയ്യണം

പൊള്ളലേറ്റ ഭാഗം വെള്ളം ഉപയോഗിച്ച് തണുപ്പിക്കണം

വസ്ത്രമുള്ള ഭാഗമാണെങ്കിൽ വസ്ത്രം നീക്കാൻ ശ്രമിക്കരുത്

പൊള്ളലേറ്റ ഭാഗത്ത് അനാവശ്യ ക്രീമുകൾ ഉപയോഗിക്കരുത്

ആവശ്യമെങ്കിൽ ഡോക്ടറുടെ സേവനം തേടുക

പൊങ്കാലയ്ക്ക് ശേഷം വെള്ളമുപയോഗിച്ച് തീ കെടുത്തണം

ഭക്ഷണം കരുതലോടെ

ഭക്ഷണം കഴിക്കുന്നതിന് മുമ്പ് കൈകൾ വൃത്തിയായി കഴുകണം

തുറന്നു വച്ചിരിക്കുന്ന ഭക്ഷണ പദാർത്ഥങ്ങൾ വാങ്ങി കഴിക്കരുത്.

പഴങ്ങൾ നന്നായി കഴുകിയ ശേഷം മാത്രം കഴിക്കുക

മാലിന്യങ്ങൾ വലിച്ചെറിയരുത്. നിർദ്ദിഷ്ട സ്ഥലങ്ങളിൽ മാത്രം നിക്ഷേപിക്കുക





# പൊങ്കാലയ്ക്ക് ഒരുങ്ങി തിരുവനന്തപുരം; സുരക്ഷയ്ക്ക് 4000 പോലീസ് ഉദ്യോഗസ്ഥർ

തിരുവനന്തപുരം: ആറ്റുകാൽ പൊങ്കാലയ്ക്കുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കി തലസ്ഥാന നഗരം. പ്രധാന പാതകൾക്കിരുവശവും ഇടവഴികളിലു പൊങ്കാല അടുപ്പുകൾക്കായി ചുടുകല്ലുകൾ നിരന്നു. നാളെ രാവിലെയാണ് പൊങ്കാല ആരംഭിക്കുക. ഉച്ചയ്ക്കാണ് പൊങ്കാല നിവേദ്യം. സുരക്ഷയ്ക്കായി നാലായിരത്തിലധികം പോലീസുകാരെയാണ് വിന്യസിച്ചിരിക്കുന്നത്.

പൊങ്കാല ദിനത്തിൽ പൊതുജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാനാണ് 4000 പോലീസ് ഉദ്യോഗസ്ഥരെ വിന്യസിക്കുന്നത്. സിറ്റിയിലെ പ്രധാന സ്ഥലങ്ങളെ പ്രത്യേക 4 സോണുകളാക്കി 13 ഡിവിഷനുകളായും 29 സെക്ടറുകളായും തിരിച്ചാണ് നിയന്ത്രണം. എല്ലാ സോണുകളുടെയും ഏകോപനം കൺട്രോൾ റൂം വഴി നടത്തും. സിറ്റി പോലീസ് കമീഷണർ കെ കാർത്തിക്കിന്റെ നേതൃത്വത്തിലാണ് ക്രമീകരണം.

പുതിയ രണ്ട് വന്ദേ ഭാരത് സ്ലീപ്പർ ട്രെയിനുകൾ ഈ മാസം പുറത്തിറങ്ങും; കേരളത്തിന് പ്രതീക്ഷ, സാധ്യതകൾ ഇങ്ങനെ

ആറ്റുകാൽ, പാടശ്ശേരി, ഈസ്റ്റ് ഫോർട്ട്, തമ്പാനൂർ എന്നിവിടങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പോലീസ് കൺട്രോൾ റൂമുകൾ പ്രവർത്തനം തുടങ്ങി. അടിയന്തര സാഹചര്യം, വഴിതെറ്റിപ്പോകുന്ന കുട്ടികൾ, നഷ്ടപ്പെട്ട വസ്തുക്കൾ, ആരോഗ്യസഹായം, ഗതാഗത വിവരങ്ങൾ തുടങ്ങിവയ്ക്ക് കൺട്രോൾ റൂമുകളെ സമീപിക്കാം.

തിരക്ക് ക്യൂ മാനേജ്!മെന്റ് ക്രമീകരണങ്ങൾ ഏർപ്പെടുത്തും. ക്ഷേത്ര പരിസരത്ത് അഞ്ച് നിരീക്ഷണ ടവറുകൾ സജ്ജമാക്കി. 20 സ്ഥലങ്ങളിൽ മെഗാഫോൺ വഴി വിവരം അറിയിക്കും. സുപ്രധാന മേഖലകളിൽ ഡ്രോൺ ഉപയോഗിച്ചും നിരീക്ഷണം നടത്തും. പൊങ്കാല പ്രമാണിച്ച് കെഎസ്ആർടിസി പ്രത്യേക സർവീസുകൾ ഒരുക്കിയിട്ടുണ്ട്.

അടിയന്തര സാഹചര്യങ്ങളിൽ ജനങ്ങളെ വേഗത്തിൽ ഒഴിപ്പിക്കാൻ പ്രത്യേക പാതയും ഒരുക്കി. പാർക്കിങ് കേന്ദ്രങ്ങളിൽനിന്ന് ആറ്റുകാൽ ക്ഷേത്രത്തിലേക്ക് ദർശനത്തിന് പോകുന്നതിനും തിരികെ വരുന്നതിനും കെഎസ്ആർടിസിയുടെ ഷട്ടിൽ സേവനവും ലഭിക്കും.

പൊങ്കാലയിടുന്നവരുടെ സൗകര്യത്തിനായി പാളയം സിഎസ്ഐ ക്രൈസ്റ്റ് പള്ളിയും സെന്റ് ജോസഫ് കത്തീഡ്രൽ പള്ളിയും ആരാധനാ സമയത്തിൽ മാറ്റംവരുത്തി. പാളയം ജുമാ മസ്ജിദ് കമ്യൂണിറ്റി ഹാളും പരിസരവും പൊങ്കാലയിടാൻ എത്തുന്നവർക്ക് തുറന്നുനൽകുമെന്ന് അധികൃതർ അറിയിച്ചു. റസിഡന്റ്സ് അസോസിയേഷനുകളും തൊഴിലാളി സംഘടനകളും ഭക്ഷണവും ജലവും മറ്റ് സ!ൗകര്യങ്ങളും ഉറപ്പാക്കാൻ സജീവമായി രംഗത്തുണ്ട്.

ആറ്റുകാൽ പൊങ്കാല നാളെ; ജില്ലയിൽ പ്രാദേശിക അവധി, ഇന്ന് ഉച്ച മുതൽ ഗതാഗത നിയന്ത്രണം

പാർക്കിങ് സ്ഥലങ്ങൾ എളുപ്പത്തിൽ കണ്ടെത്തുന്നതിനും യാത്രാസൗകര്യം സുഗമമാക്കാനും ക്യുആർ കോഡ് സംവിധാനം ഏർപ്പെടുത്തി. ഭക്തജനങ്ങൾ വഴിയരികിൽ കുടിവെള്ളമോ ഭക്ഷണമോ വിതരണം ചെയ്യുന്നുണ്ടെങ്കിൽ അവ പൂർണ്ണമായും ഭക്ഷ്യയോഗ്യമായതും വൃത്തിയുമുള്ളതുമാണെന്ന് ഉറപ്പുവരുത്തണമെന്ന് കളക്ടർ അറിയിച്ചു.

ഭക്ഷണം വിതരണം ചെയ്യാൻ ഉപയോഗിക്കുന്ന പാത്രങ്ങളും ഗ്ലാസ്സുകളും കഴുകി ഉപയോഗിക്കാൻ പറ്റുന്നതായിരിക്കണം. ഒറ്റത്തവണ ഉപയോഗിക്കാൻ കഴിയുന്ന പ്ലേറ്റുകളും ഗ്ലാസുകളും പൂർണ്ണമായും ഒഴിവാക്കണമെന്നും നിർദേശമുണ്ട്.

# കുത്തിയോട്ടം വഴിപാടിന്റെ പ്രാധാന്യം

പ്രസിദ്ധമായ ആറ്റുകാൽ പൊങ്കാലയ്ക്ക് ഇനി ദിവസങ്ങൾ കൂടി. മാർച്ച് 3നാണ് ഈ വർഷത്തെ ആറ്റുകാൽ പൊങ്കാല മഹോത്സവം. ആറ്റുകാൽ പൊങ്കാല മഹോത്സവവുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട ഒരു വഴിപാടാണ് കുത്തിയോട്ടം. പ്രധാനമായും 10 വയസ്സിന് താഴെയുള്ള ആൺകുട്ടികളാണ് ഈ വഴിപാട് നടത്തുന്നത്. ആറ്റുകാലമ്മയുടെ ഭടന്മാരാണ് കുത്തിയോട്ട വ്രതം എടുക്കുന്ന കുട്ടികളെ കണക്കാക്കുന്നത്.

മഹിഷാസുര വധത്തിന് ഭഗവതിയെ സഹായിച്ച ബാലഭടന്മാരുടെ പ്രതീകമാണിത്. പൊങ്കാലയോട് അനുബന്ധിച്ച് ഏഴു ദിവസങ്ങളിൽ ക്ഷേത്രത്തിൽ താമസിച്ച് അതികഠിനമായ വ്രതം ആണ് ഈ കുട്ടികൾ അനുഷ്ഠിക്കുക. കുംഭമാസത്തിലെ ഭരണി നക്ഷത്രത്തിൽ അതായത് ഉത്സവത്തിന്റെ മൂന്നാം ദിവസമാണ് കുട്ടികൾ വ്രതം ആരംഭിക്കുക. ആറ്റുകാൽ ക്ഷേത്രത്തിൽ വെച്ച് മേൽശാന്തിയിൽ നിന്നും മന്ത്രോപദേശം സ്വീകരിച്ചാണ് വ്രതം ആരംഭിക്കുക. വളർന്നുവരുന്ന കുട്ടികളിൽ അച്ചടക്കം, ഏകാഗ്രത ഭക്തി എന്നിവ വർദ്ധിപ്പിക്കുവാൻ ഈ ഏഴു ദിവസത്തെ വ്രതം സഹായിക്കും എന്നാണ് വിശ്വസിക്കപ്പെടുന്നത്. കൂടാതെ വക ഭഗവതിയുടെ അനുഗ്രഹത്താൽ ലോകങ്ങളിൽ നിന്നും മുക്തി ജീവിതത്തിൽ ഐശ്വര്യം സമ്പത്ത് സമൃദ്ധി എന്നിവയും ഈ കുട്ടികൾക്ക് ഉണ്ടാകുമെന്ന് വിശ്വസിക്കപ്പെടുന്നു. ദേവിയുടെ ബാലഭടന്മാരായി മാറുന്നതിലൂടെ ഈ കുട്ടികളിൽ അച്ചടക്കവും ഭക്തിയും വളരുമെന്നും വിശ്വസിക്കപ്പെടുന്നു. ദിവസവും മൂന്ന് നേരം തണുത്ത വെള്ളത്തിൽ കുളിക്കുക, ഭജന, ക്ഷേത്രത്തിലെ നിശ്ചിത എണ്ണം പ്രണമിക്കൽ (നമസ്കാരം) എന്നിവ വ്രതാനുഷ്ഠാനത്തിൽ നിർബന്ധമാണ്.

ഈ ദിവസങ്ങളിൽ മാതാപിതാക്കളെ കാണാനോ പുറത്തുപോകാനോ അനുവാദമില്ല. തിയോട്ട വഴിപാട്യോട് അനുബന്ധിച്ച് പ്രധാന ചടങ്ങാണ് ചൂരൽ കുത്ത്.

ഇതിനായി പൊങ്കാല ദിവസം വൈകുന്നേരം ബാലന്മാരെ പ്രത്യേകമായി അണിയിച്ചൊരുക്കുന്നു. തുടർന്ന് തന്ത്രിയുടെയും പൂജാരിമാരുടെയും സാന്നിധ്യത്തിൽ കുട്ടിളുടെ വശങ്ങളിൽ (ഇടുപ്പിന് മുകൾഭാഗം) വെള്ളിനൂൽ കോർക്കുന്നു. ഇതിനെയാണ് 'ചൂരൽ കുത്ത്' എന്ന് പറയുന്നത്.








Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# 'എന്റെ അമ്മ'യെന്ന് നമ്മൾ വിളിക്കുന്ന അനുഗ്രഹം; ആറ്റുകാൽ പൊങ്കാല മറ്റൊരു തിരുവോണമെന്ന് മോഹൻലാൽ



മലയാളികളുടെ ഏറ്റവും വലിയ ഉത്സവവും ഉല്ലാസവുമാണ് തിരുവോണം. നമ്മൾ തിരുവനന്തപുരത്തുകാരെ സംബന്ധിച്ചിടത്തോളം മറ്റൊരു തിരുവോണമാണ് ആറ്റുകാൽ പൊങ്കാല. നഗരം നിറഞ്ഞിരിക്കുന്ന പൊങ്കാലക്കലങ്ങൾ ഈ പുണ്യ നഗരത്തെ അണിയിക്കുന്ന തിരുവാഭരണം പോലെ തോന്നും. ചുട്ടുപൊള്ളുന്ന കുംഭമാസച്ചൂടിലും ആറ്റുകാലമ്മയ്ക്കു സമർപ്പിക്കാൻ വരിവരി യായി നിരത്തിയ അടുപ്പുകൾ! ലോകത്തിന്റെ ഏതു കോണിലായാലും ആറ്റുകാൽ പൊങ്കാലയെ ന്നു കേൾക്കുമ്പോൾ ഉള്ളിൽ ദീപാരാധനയുടെ മണിമുഴക്കം കേൾക്കാം എന്റെ അമ്മ ശാന്തകുമാരി അടുത്തിടെയാണ് വിട പറഞ്ഞത്. പൊങ്കാലയുടെ ഈ ദിവസങ്ങളിൽ ഞാൻ അമ്മയെയാണ് മനസ്സിൽ ഓർമിക്കുന്നത്. അമ്മ ആറ്റുകാലമ്മയുടെ വലിയ ഭക്തയായിരുന്നു. മുടങ്ങാതെ എത്രയോ വർഷങ്ങൾ അമ്മ പൊങ്കാല അർപ്പിക്കുമായിരുന്നു. വർഷങ്ങളോളം ആത്മ സമർപ്പണത്തോടെ അമ്മ ചെയ്തു കൊണ്ടിരുന്ന പുണ്യ കർമം. ദേവിയോടുള്ള അചഞ്ചലമായ ഭക്തി അതൊന്നു മാത്രമായിരുന്നു ഞാൻ കണ്ട വലിയ പ്രാർഥന. സ്നേഹത്തിന്റെയും സമർപ്പണത്തിന്റെയും നിറവ്. മൺകലത്തിൽ വെന്തു തൂവുന്ന പൊങ്കാല പ്രസാദത്തിന്റെ ഗന്ധവും ഓർമയിലുണ്ട്. ആറ്റുകാലമ്മയുടെ സന്നിധിയിൽ നിൽക്കുമ്പോൾ അമ്മ, ഒരു നോവായി, മായാത്ത ചിത്രമായി മനസ്സിലുണ്ട്. അമ്മയുടെ സ്നേഹവും പ്രാർഥനയും പുനർജനിക്കുന്നതായി അനുഭവപ്പെടുന്നു.



എന്റെ ജീവിതത്തിലെ ശുഭകരമായ രണ്ടു കാര്യങ്ങൾ ആറ്റുകാലമ്മയ്ക്കു മുന്നിൽ വച്ചായിരുന്നു. ആദ്യചിത്രമായ തിരനോട്ടത്തിന്റെ പൂജയും പിന്നീട് വിവാഹവും. 1978 സെപ്റ്റംബർ 3 നായിരുന്നു സിനിമയുടെ പൂജ. തുടർന്ന് ആദ്യഷോട്ട് എടുത്തത് മുടവൻമുകളിലെ എന്റെ വീടിനു മുന്നിലെ വഴിയിൽ വച്ചും. 1988 ഏപ്രിൽ 28ന് ഈ തിരുനടയിൽവച്ച് സുചിത്രയെ താലിചാർത്തി. മൂന്നര പതിറ്റാണ്ടു പിന്നിടുന്ന ഞങ്ങളുടെ ദാമ്പത്യത്തിന്റെ സൗഭാഗ്യം അമ്മയുടെ അനുഗ്രഹമല്ലാതെ മറ്റെന്താണ്.

എന്റെ കുട്ടിക്കാലത്ത് ആറ്റുകാൽ ഇന്നു കാണുന്നതു പോലെയല്ല. ചുറ്റും പച്ചനിറഞ്ഞ വയലുകളായിരുന്നു. പൂജപ്പുര, കരമന എന്നിവിടങ്ങളിൽ നിന്നെല്ലാം ക്ഷേത്രത്തിലേക്കു പുറപ്പെടുന്ന വിളക്കുകെട്ട് ഘോഷയാത്രകളുടെ ഭാഗമായിട്ടുണ്ട്. പൊങ്കാലയുമായി എന്റെ ഏറ്റവും പഴക്കമുള്ള ഓർമ വിളക്കുകെട്ട് ഘോഷയാത്രയാണ്. കുട്ടികൾ അതിനൊപ്പം സഞ്ചരിക്കും. ഓരോ ദേശത്തുനിന്നുമുള്ള വിളക്കുകെട്ടുകൾ ആഘോഷമായാണ് ആറ്റുകാലിലേക്കെത്തുന്നത്. സപ്രമഞ്ചലിൽ ദേവീരൂപമുണ്ടാക്കി ചുമലിലേറ്റി, നെയ്യാണ്ടി മേളത്തോടെ, ഗ്യാസ് ലൈറ്റുകളുടെ അകമ്പടിയോടെ ക്ഷേത്രത്തിലേക്ക് ആനയിക്കുന്നത് ഇന്നും മനസ്സിലുള്ള കാഴ്ചയാണ്. ഘോഷയാത്രകൾക്ക് അന്നു 'ചപ്രമെഴുന്നള്ളത്ത്' എന്നും പറഞ്ഞിരുന്നു. സപ്രമഞ്ചലിന്റെ പ്രാദേശിക രൂപമായിരിക്കാം ചപ്രമെഴുന്നള്ളത്. ഇന്നതു പരിഷ്കരിച്ച് വിളക്കുകെട്ട് ആയിട്ടുണ്ട്.

പൊങ്കാല നാളുകളിലും സിനിമയുണ്ട്. സമീപത്തെ തിയറ്ററുകളിൽ സെക്കൻഡ് ഷോ കഴിഞ്ഞാൽ സ്പെഷൽ തേഡ് ഷോ ഉണ്ടാകും. ശ്രീപത്മനാഭയിലും കിള്ളിപ്പാലം ശിവയിലും പൊങ്കാലയ്ക്കായി വരുന്ന ഭക്തർക്കായി പുണ്യപുരാണ സിനിമകളാണ് പ്രദർശിപ്പിച്ചിരുന്നത്. കേരളത്തിനു പുറത്തുള്ള എന്റെ സുഹൃത്തുക്കളോട് ആറ്റുകാൽ പൊങ്കാലയെപ്പറ്റി അഭിമാനത്തോടെ പറഞ്ഞിട്ടുള്ള മുഹൂർത്തങ്ങൾ ജീവിതത്തിലുണ്ട്. ലോകത്ത് ഏറ്റവും കൂടുതൽ സ്ത്രീകൾ ഒരു ദിവസം വന്നു ചേരുന്ന ഉത്സവമാണ് ഇതെന്നു കേൾക്കുമ്പോൾ അവരുടെയെല്ലാം മുഖത്തു അത്ഭുതാദരവുകൾ വിടരും. 'എന്റെ അമ്മ'യെന്ന് നമ്മൾ ഓരോരുത്തരും വിളിക്കുന്ന ആ അനുഗ്രഹത്തെപ്പറ്റി ലോകത്തിനു മുന്നിൽ പറയുമ്പോൾ അതു കേവലം വിശ്വാസവും ഭക്തിയും മാത്രമല്ല, അമ്മയോടുള്ള മക്കളുടെ അടങ്ങാത്ത സ്നേഹത്തെക്കുറിച്ചു കൂടിയാണു പറയുന്നത്. (ആറ്റുകാൽ ഉത്സവത്തോടനുബന്ധിച്ച് അംബ പുരസ്കാരം ഏറ്റു വാങ്ങി നടൻ മോഹൻലാൽ നടത്തിയ പ്രസംഗത്തിൽ നിന്ന്)




# ആറ്റുകാൽ പൊങ്കാല: തിരുവനന്തപുരം നഗരത്തിൽ കർശന ഗതാഗതനിയന്ത്രണം; അറിയേണ്ട കാര്യങ്ങൾ

പ്രശസ്തമായ ആറ്റുകാൽ പൊങ്കാല ഉത്സവത്തിനായി തിരുവനന്തപുരം ഒരുങ്ങുന്നതിനോടനുബന്ധിച്ച്, മാർച്ച് 3 വരെ നഗരത്തിൽ ഗതാഗത നിയന്ത്രണങ്ങൾ പ്രാബല്യത്തിൽ. ഭക്തരുടെ സൗകര്യാർത്ഥം കിഴക്കേകോട്ടയിൽ നിന്നും ഐരാണിമുട്ടം ഹോമിയോ ആശുപത്രി പാർക്കിംഗ് ഗ്രൗണ്ടിൽ നിന്നും ക്ഷേത്രത്തിലേക്ക് കെ. എസ്. ആർ. ടി. സി. ചെയിൻ സർവീസുകൾ ആരംഭിച്ചിട്ടുണ്ട്.

അവിട്ടം തിരുനാൾ ഗ്രന്ഥശാല ഭാഗത്തുനിന്ന് ക്ഷേത്രവളപ്പിലേക്ക് പ്രവേശിക്കുന്ന വാഹനങ്ങൾ പാടശ്ശേരി വഴി തിരികെ പോകേണ്ടതാണെന്നും ഗതാഗതക്കുരുക്ക് രൂക്ഷമായാൽ ഈ ഭാഗത്തുനിന്നുള്ള വാഹന പ്രവേശനം നിയന്ത്രിക്കുമെന്നും പോലീസ് വ്യക്തമാക്കി. പാടശ്ശേരിയിലോ ആറ്റുകാൽ വായനശാലയിലോ മേടമുക്കിലോ ഭക്തരെ ഇറക്കിയ ശേഷം വാഹനങ്ങൾ ചിറമുക്ക്, ചിറപ്പാലം വഴി പോയി ഐരാണിമുട്ടം ഹോമിയോ കോളേജ് ഗ്രൗണ്ടിലോ റിസർച്ച് സെന്റർ ഗ്രൗണ്ടിലോ പാർക്ക് ചെയ്യേണ്ടതാണ്.

ബണ്ട് റോഡ് ജങ്ഷൻ പാടശ്ശേരി ചിറപ്പാലം ഐരാണിമുട്ടം റോഡ്, മണക്കാട് കുര്യാത്തി മേടമുക്ക് ചിറമുക്ക് ഐരാണിമുട്ടം റോഡ്, മണക്കാട് കൊഞ്ചിറവിള റോഡ്, മണക്കാട് വലിയപള്ളി റോഡ്, മണക്കാട് പോസ്റ്റ് ഓഫീസ് മഹാറാണി റോഡ് തുടങ്ങി പ്രധാന പാതകളിലും ക്ഷേത്രത്തിന് സമീപമുള്ള എല്ലാ ഉൾറോഡുകളിലും ഇരുചക്ര വാഹനങ്ങൾ ഉൾപ്പെടെയുള്ളവ പാർക്ക് ചെയ്യുന്നത് കർശനമായി നിരോധിച്ചിരിക്കുന്നു. അനധികൃതമായി പാർക്ക് ചെയ്യുന്ന വാഹനങ്ങൾ റിക്കവറി വാഹനങ്ങൾ ഉപയോഗിച്ച് നീക്കം ചെയ്യുകയും ഉടമകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യും.

